ആത്മാƒപരിജ്ഞാനമയോ വിവാദോ
ഹ്യസ്തീതി നാസ്തീതി ഭിദാർത്ഥനിഷ്ഠ:
വ്യർത്ഥോƒപി നൈവോപരമേത പുംസാം
മത്ത: പരാവൃത്തധിയാം സ്വലോകാത് (11-22-33)
നിത്യദാ ഹ്യങ്ഗ ഭൂതാനി ഭവന്തി ന ഭവന്തി ച
കാലേനാലക്ഷ്യവേഗേന സൂക്ഷ്മത്വാത്തന്ന ദൃശ്യതേ (11-22-42)

ഭഗവാൻ കൃഷ്ണൻ തുടർന്നു:
ത്രിഗുണങ്ങളുടെ സമതുലിതാവസ്ഥ നഷ്ടമാവുമ്പോൾ വൈവിദ്ധ്യവും വൈവിദ്ധ്യബോധവും സത്വങ്ങളിൽ പ്രകടമാവുന്നു. ഈ വൈവിദ്ധ്യങ്ങൾ അനന്തമെങ്കിലും അവയെ മൂന്നായി തരംതിരിക്കാം. ആദ്ധ്യാത്മം, ആധിഭൂതം, ആധിദൈവം. ഉദാഹരണത്തിന്, കാഴ്ചശക്തി ആദ്ധ്യാത്മവും, വസ്തുവിന്റെ നിറം ആധിഭൂതവും, ഒന്ന് മറ്റൊന്നുമായി ബന്ധപ്പെടുത്തുന്ന അവബോധം ആധിദൈവവുമാണ്. അതുപോലെയാണ് വ്യക്തിത്വത്തിന്റെ മറ്റു കാര്യങ്ങളും. ആത്മാവെന്നത് ബോധം തന്നെയാണ്. ഇവയുടെ എല്ലാം അടിത്തറയും അതുതന്നെ. ആത്മാവ് ഇവയിൽനിന്നെല്ലാം സ്വതന്ത്രമായാണോ അല്ലയോ നിലനിൽക്കുന്നത് എന്നതിനെക്കുറിച്ചുള്ള വ്യഥാവിവാദം, ഇവർ എന്നിൽനിന്ന് - അതായത് അവരുടെ സ്വന്തം ആത്മാവിൽ നിന്ന് - അകന്നു നിൽക്കുന്നിടത്തോളം കാലം തുടർന്നു കൊണ്ടേയിരിക്കും.

ഉദ്ധവർ ചോദിച്ചു: എങ്ങിനെയാണ് സർവ്വവ്യാപകമായി നിലകൊള്ളുന്ന ആത്മാവ് ദേഹങ്ങളിൽനിന്ന് ദേഹങ്ങളിലേക്ക് മാറി മാറി സഞ്ചരിക്കുന്നത്?

ഭഗവാൻ കൃഷ്ണൻ പറഞ്ഞു:
ജീവന്റെ മനസ്സാണ് ദേഹങ്ങളിൽനിന്നും ദേഹങ്ങളിലേക്ക് സഞ്ചരിക്കുന്നത്. പുതുതായി സ്വീകരിക്കുന്ന ശരീരവുമായി പരിപൂർണ്ണമായും താദാത്മ്യം പ്രാപിച്ചിരിക്കുന്നതുകൊണ്ട് ജീവന് പഴയ ശരീരത്തെപ്പറ്റി തീരെ ഓർമ്മയുണ്ടാവുന്നില്ല. ഇതാണ് ജനനം. ശരീരവുമായി ബന്ധപ്പെട്ട കർമ്മാനുഭവം തീരുന്നതോടെ ആ ശരീരവുമായി തീരെ താദ്വാത്മ്യം ഇല്ലാതാവുമ്പോൾ അതിനെ ഉപേക്ഷിക്കുന്നു. ഇതത്രെ മരണം. ഇങ്ങിനെ ഒരു ജൻമം സംഭവിക്കുമ്പോൾ നേരത്തെ പറഞ്ഞ ത്രിവിധ വൈശിഷ്ട്യങ്ങൾ ജീവിയിൽ അന്തർഭൂതമാവുകയും ഗ്രഹണശക്തിയും വൈവിദ്ധ്യാനുഭവവും ഉണ്ടാവുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജീവികൾ നിരന്തരം ജനനമരണങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടേയിരിക്കുന്നു. പക്ഷേ വേഗതകൊണ്ടും സമയത്തിന്റെ സൂക്ഷ്മതകൊണ്ടും ഇതാർക്കും ഗ്രഹിക്കാനാവുന്നില്ല. മെഴുകുതിരിയുടെ തീനാളം നിരന്തരം നവീകരിച്ചു കൊണ്ടിരിക്കുന്നതുപോലെയും നീർച്ചാലിലെ വെള്ളം അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നതുപോലെയും ഈ ശരീരവും മാറ്റങ്ങൾക്കു വിധേയമാണ്. തീനാളത്തേയും, ജലത്തേയും മാറ്റമില്ലാത്തവയെന്നു കണക്കാക്കുന്നതു പോലെ ശരീരത്തേയും മനുഷ്യർ അപ്രകാരം കണക്കാക്കുന്നു. ജീവന് ജനനമോ മരണമോ ഇല്ല. അഗ്നി എപ്പോഴും നിലനിൽക്കുന്നു. ചിലപ്പോൾ പ്രകടിതവും മറ്റുചിലപ്പോൾ അപ്രകടിതവും ആയി നിലകൊള്ളുന്നു. ഗർഭധാരണം, ഗർഭം, ജനനം, ശൈശവം, ബാല്യം, യൗവനം, മദ്ധ്യവയസ്, വാർദ്ധക്യം, മരണം എന്നിവയാണ് ഒരു ജീവിയുടെ ഒൻപതവസ്ഥകൾ. ആരൊരുവൻ പരിപൂർണ്ണമായും ദേഹബുദ്ധിയോടെ ജീവിക്കുന്നുവോ, അവന് വേദനയും സുഖവുമെല്ലാം അനുഭവവേദ്യമത്രെ. അവൻ മോഹിതനായി കർമ്മചക്രത്തിൽ തിരിയുന്നു. സത്വഗുണങ്ങൾ വളർത്തിയവൻ മരിക്കുമ്പോൾ ദേവലോകത്തിൽ എത്തുന്നു. രജോഗുണങ്ങൾ വളർത്തിയെടുത്തവൻ മനുഷ്യനായി പിറക്കുന്നു. തമോഗുണി മരിക്കുമ്പോൾ അസുരലോകങ്ങളിലോ, ഉപമനുഷ്യവർഗ്ഗങ്ങളിലോ ജനിക്കുന്നു. ഇതെല്ലാം ദേഹാസക്തിയുടെ ഫലമത്രെ. വിവേകിയായ ഒരുവൻ ഈ മോഹവലയത്തിൽ നിന്നും ബന്ധമുക്തനായി ശരീരത്തിനു ലഭിക്കുന്ന മാനാപമാനങ്ങളിൽ തികഞ്ഞ നിസ്സംഗത പാലിച്ച്, പ്രതികരിക്കാതെ നിലകൊള്ളുകയാണ് വേണ്ടത്.